**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6422** **08.11.2016-ൽ മറുപടിക്ക്**

**അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിലുണ്ടായ സംഘർഷം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. മുഹമ്മദ് മുഹസിൻ പി.<br>ശ്രീമതി സി.കെ. ആശ | ശ്രീ.പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിലുണ്ടായ സംഘർഷം പൊതുജനങ്ങളെ ഏതൊക്കെ തരത്തിൽ ബാധിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിലുണ്ടായ സംഘർഷം പൊതുജനങ്ങളെ നേരിട്ട് ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കോടതി നടപടികളെക്കുറിച്ചും കോടതിവിധികൾ സംബന്ധിച്ചുള്ള വാർത്തകൾ യഥാസമയം ലഭ്യമാകാത്തത് ജനങ്ങളുടെ അറിയാനുള്ള അവകാശത്തെ ബാധിക്കുന്നുവെന്നത് കണക്കിലെടുത്തിട്ടുണ്ടോ; | (ബി) കോടതി നടപടികളെക്കുറിച്ചും കോടതി വിധികൾ സംബന്ധിച്ചുള്ള വാർത്തകൾ യഥാസമയം ലഭ്യമാകുന്നില്ല എന്നും ജനങ്ങളുടെ അറിയാനുള്ള അവകാശത്തെ ബാധിക്കുന്നുവെന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചില കോടതികളിൽ മാധ്യമപ്രവർത്തകർക്ക് പ്രവർത്തന ബുദ്ധിമുട്ട് നേരിടുന്നുവെന്ന പരാതിയിന്മേൽ ശക്തമായി ഇടപെട്ടുകൊണ്ട് പ്രശ്നപരിഹാരം കണ്ടുവരുന്നു. |
| (സി) പൊതുപ്രാധാന്യമുള്ള ഹർജികളിലെ തുടർനടപടി ഉൾപ്പടെയുള്ള വിവരങ്ങൾ ജനങ്ങൾക്ക് അറിയാനാകാത്ത അവസ്ഥ സംജാതമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (സി) കോടതി നടപടികൾ തുറന്ന കോടതികളിലാണ് നടക്കുന്നത്. അവിടെ അഭിഭാഷകർക്കും, കക്ഷികൾക്കും, മാധ്യമങ്ങൾക്കും, പൊതുജനങ്ങൾക്കും പ്രവേശനമുണ്ട്. പൊതു പ്രാധാന്യമുള്ള ഹർജികളിലെ തുടർനടപടി ഉൾപ്പെടെയുള്ള വിവരങ്ങൾ ജനങ്ങൾക്ക് അറിയുവാനാകാത്ത അവസ്ഥ ഉണ്ടായിട്ടുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) കോടതി ഉത്തരവുകളും സർക്കാർ കോടതിയിൽ നൽകുന്ന വിശദീകരണങ്ങളും പൊതുജനത്തിന് ലഭ്യമാകുന്നുവെന്ന് ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) കോടതി ഉത്തരവുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ കോടതിയുടെ അധികാര പരിധിയിൽ വരുന്ന കാര്യമാണ്.സർക്കാർ കോടതികളിൽ നൽകുന്ന വിശദീകരണങ്ങൾ എതിർകക്ഷികൾക്ക് നൽകാറുണ്ട്. അത് പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട ഒന്നല്ല. |

**സെക്ഷൻ ഓഫീസർ**